"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനംവന്യജീവി വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി- വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരവേ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 01/10/2016 ൽ അന്തരിച്ചതുമായ ശ്രീ. ബി.വിജയന്റെ മകനായ ശ്രീ.മനുവിജയൻ.വിയ്ക്ക് വനം വകുപ്പിൽ ക്ലർക്കായി ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനംവന്യജീവി(എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.1/2021/വനം** തീയതി,തിരുവനന്തപുരം, 19/01/2021

---

പരാമർശം:- 1. സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2. സ.ഉ.(കൈ)നം.29/2015/വനം. തീയതി 14.05.2015.
3. ശ്രീ. മനുവിജയൻ.വി, മഠത്തിൽപ്പറമ്പിൽ ഹൗസ്, തായ്ക്കാട്ടുകര പി.ഒ, ആലുവ, എറണാകുളം 13.12.2016ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും.
4. ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 01.07.2017 ലെ ഇ6-31727/2017നം.കത്തും, അനുബന്ധ രേഖകളും.
5. എറണാകുളം ജില്ലാ കളക്ടറുടെ 01.12.2017 ലെ ഡി.സി.ഇ.കെ.എം./8448/17-ഇ5 നം.കത്തും, അനുബന്ധവും.
6. സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 21.02.2018.
7. സ.ഉ.(സാധാ)നം.41/2020/വനം.തീയതി 19.02.2020.
8. 14.12.2020 ലെ ഉപസി2/227/2020-ഉഭപവ നം.സർക്കുലർ.

**ഉത്തരവ്**

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തിരുന്നതും, പരാമർശം (2) പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 01.10.206 ൽ അന്തരിച്ചതുമായ ശ്രീ.ബി.വിജയന്റെ മകൻ ശ്രീ.മനുവിജയൻ.വിയ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷന് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. പ്ലസ്ടു പാസ്സായ അപേക്ഷകന് 31 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 17.01.1990 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 18000/-രൂപയാണെന്ന് ചൂർണ്ണിക്കര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി

ചെയ്തിരുന്നതും, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 01.10.2016 ൽ അന്തരിച്ചതുമായ ശ്രീ.ബി.വിജയന്റെ മകനായ ശ്രീ. മനുവിജയൻ.വിയ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനീയോരിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും, വിധേയമായി, എറണാകുളം ജില്ലയിൽ വനം വകുപ്പിൽ 19,000-43,600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. എറണാകുളം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും എറണാകുളം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് എറണാകുളം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെയും, പരാമർശം (8) ലെ സർക്കുലറിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ടിയാന് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്. കൂടാതെ പരേതന്റെ ആശ്രിതരെ സംരക്ഷിക്കുന്നതാണെന്ന പരാമർശം (6) പ്രകാരമുള്ള സാക്ഷ്യപത്രം അപേക്ഷകനിൽ നിന്നും ഉപമുഖ്യവനപാലകൻ ലഭ്യമാക്കേണ്ടതുമാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചു വെച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. മനുവിജയൻ.വി, മഠത്തിൽപ്പറമ്പിൽ ഹൗസ്, തായ്ക്കാട്ടുകര പി.ഒ ,ആലുവ,എറണാകുളം
പിൻ.683106(രജിസ്റ്റേഡ് തപാൽ, മടക്ക രസീത് സഹിതം).
മുഖ്യവനപാലകൻ & വനം മേധാവി, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ 4493 തീയതി 13.01.2021).
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.01.20 10:28:57 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്
വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.

4893446/2021/OS-F&WL

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-01-2021

ഫയൽ നം. 209/എഫ്3/2017/വനം. ഇനം നം: 4493

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 01.10.2016-ൽ അന്തരിച്ചതുമായ ശ്രീ. ബി. വിജയന്റെ മകനായ ശ്രീ. മനു വിജയന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കുന്നതിനായി അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

13/1/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ/സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R 16/1

JS

16/1/21

53

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 209/എഫ്3/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനംവകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 01.10.2016 ൽ അന്തരിച്ചതുമായ ശ്രീ. ബി.വിജയന്റെ മകനായ ശ്രീമനു വിജയന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കുന്നതിനായി അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.11.2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ.സുരേഷ് കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ /പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.12.2020. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത. |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

54

1

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

111) വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ, 01/10/2016 ൽ അന്തരിച്ച ബി.വിജയന്റെ മകൻ ശ്രീ.മനുവിജയൻ. വി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. 20 വർഷത്തിലേറെയായി വനം വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന, ബി.വിജയൻ ഉൾപ്പടെ, 135 പേരെ 14.05.2015 ലെ സ.ഉ.(എം.എസ്) നം.29/2015/വനം.നം സർക്കാർ ഉത്തരവിലൂടെ സ്ഥിരപ്പെടുത്തുകയുണ്ടായി. 01/10/2016 ൽ ബി.വിജയന്റെ മരണത്തെതുടർന്ന് ആശ്രിത നിയമനത്തിനായി ടിയാളുടെ മകൻ ശ്രീ.മനുവിജയൻ.വി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. ബി.വിജയൻ ജീവിച്ചിരുന്നുവെങ്കിൽ 28.02.2019 ൽ സേവനത്തിൽ നിന്നും വിരമിക്കേണ്ടിയിരുന്നതാണ്. ശ്രീ. മനുവിജയന്റെ അപേക്ഷയിൻമേൽ മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശിയുടെ വിശദാംശങ്ങളും, അവരുടെ സമ്മതപത്രവും, അടക്കമുള്ള റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശ്രീ.മനുവിജയൻ അർഹനാണെന്ന് ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടിയാന്റെ ജനനതീയതി 17/01/1990 ആണ്. ഇപ്പോൾ 30 വയസ്സ് പൂർത്തിയായി. പ്ലസ് ടു പാസ്സായിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 18000/- രൂപയാണെന്ന് ചൂർണ്ണിക്കര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. ശ്രീ. മനുവിജയൻ.വിസ്റ്റ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് ചുവടെച്ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

**ശ്രീ മനു വിജയന്റെ പിതാവ് ബി.വിജയനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14/05/2015 ലെ സ.ഉ(കൈ) 29/15/വനം നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക (3) 2-ൽ 'ഇത്തരത്തിൽ നിയമിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകൾ ടി ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണെന്ന്" വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഭരണ വകുപ്പിന്റെ FWLD-F3/518/2016-FWLD നമ്പർ ഫയലിൽ ഈ വകുപ്പിൽ നിന്നും 12/12/2017-ൽ നല്കിയിട്ടുള്ള അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.**

4. സമാനമായ കേസിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14.05.2015 ലെ സ.ഉ.(എം.എസ്)നം.29/2015/വനം ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ഡി. സുരേഷ്കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിന് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ എഫ്3/518/2016/വനം നം.ഫയലിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമായിരുന്നു.

**അന്തരിച്ച ആർ.സുരേഷ് കുമാറിനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 04.04.2015 ലെ സ.ഉ. (എം.എസ്) നം. 29/2015/വനം നമ്പർ ഉത്തരവിലെ ഖണ്ഡിക (3) 2-ൽ 'ഇത്തരത്തിൽ**

**നിയമിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകൾ ടി ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണെന്ന്" വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ആർ.സുരേഷ് കുമാറിന്റെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുവാൻ നിർവാഹമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.**

5. എന്നാൽ എൻ.എം.ആർ. വർക്കേഴ്സ്, കണ്ടിജന്റ് വർക്കേഴ്സ്, സീസണൽ ലേബേഴ്സ്, എന്നിവരും, "സർക്കാർ ജീവനക്കാർ" എന്നതിന്റെ പരിധിയിൽ വരുന്നതാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കുകയും, 19.09.2018 ലെ ഇനം 2470 നമ്പർ മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.09.2018 ലെ സ.ഉ (കൈ) 41/2018/വനം പ്രകാരം ശ്രീ. സജിൻരേഷിന് ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

6. ശ്രീ. മനു വിജയന് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെചേർക്കുന്നു.

**സർക്കാർ സേവനത്തിലിരിക്കേ ഒരു ദിവസവേതനക്കാരൻ മരണപ്പെട്ടാൽ ടിയാന്റെ ആശ്രിതന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുവാൻ അർഹതയുണ്ടോ എന്ന കാര്യം ബഹു.സുപ്രീംകോടതി** General Manager , Uttaranchal Jal Sansthan Vs Lexmi Devi&Others (2009)7SCC 205 **എന്ന കേസിൽ തീർപ്പാക്കിയിട്ടുണ്ട്.**

"The respondents would have been eligible for compassionate appointment if the deceased employees were treated as "Government Servants"under the relevant Rules and in absence of the same, the

57



benefit cannot be granted". മരണപ്പെട്ടയാൾ ദിവസവേതനക്കാരനാണെങ്കിലും, ആശ്രിത നിയമനചട്ട പ്രകാരം "Government Servants"ന്റെ നിർവ്വചനത്തിൽ ടിയാൻ ഉൾപ്പെട്ടിരുന്നുവെങ്കിൽ ടിയാന്റെ ആശ്രിതന് നിയമനം ലഭിക്കാൻ അർഹതയുണ്ടെന്നാണ് ബഹു.സുപ്രീംകോടതി ഉത്തരവിട്ടത്.

സമാശ്വാസ തൊഴിൽദാന പദ്ധതി സംബന്ധിച്ച് കേരള സർക്കാർ 24.05.1999 ൽ പുറപ്പെടുവിച്ച G.O(P) No.12/99/P&ARD നമ്പർ ഉത്തരവിന്റെ 40ാം ഖണ്ഡികയിൽ പ്രസ്തുത നിയമനത്തിന് ആർക്കൊക്കെ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ഖണ്ഡിക താഴെപ്പറയും പ്രകാരമാണ്.

"Application from dependants of Government Servants who die in harness will be considered for employment assistance under the scheme. "Government Servants"shall include contingent and work establishment personnel, part time employees, N.M.R Workers, Seasonal employees under various Government Departments, Permanent labourers of the Agriculture Department and Panchayath employees".

വനംവകുപ്പിൽ 20 വർഷത്തിലേറെയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്ന ശ്രീ. ബി.വിജയനെ 14.05.2015 ലെ G.O(Ms)29/15/F&WLD നം. സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളതിനാലും, പ്രസ്തുത ജീവനക്കാരന് ടിയാനെ സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതിയായ 14.05.2015 മുതൽ സ്ഥിരം

56



**ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാലും ടിയാൻ സർവ്വീസിലിരിക്കേ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ആശ്രിതനും, മകനായ ശ്രീ.മനു വിജയൻ, ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷ ബഹു. കോടതിയുടെ** General Manager , Uttaranchal Jal Sansthan Vs Lexmi Devl&Others **കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് നിയമതടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതും, സമാശ്വാസ, തൊഴിൽദാന പദ്ധതി എന്ന നിലയിൽ ഭരണ വകുപ്പ് ചൂണ്ടിക്കാണിച്ച ശ്രീ.സജിൻ രേഷിന് നിയമനം നൽകിയ കീഴ്വഴക്കം പരിഗണിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കാവുന്നതാണ്.**

7. ഈ സാഹചര്യത്തിൽ അന്തരിച്ച ശ്രീ.ബി.വിജയന്റെ മകൻ ശ്രീ. മനു വിജയൻ.വിയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ എൽ.ഡി ക്ളർക്കായി തിരുവനന്തപുരം ജില്ലയിൽ ജോലി നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ, ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്ത് വരവേ 14.05.2015 ലെ സ.ഉ.(എം.എസ്) നം.29/2015/വനം ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിയതും, 01.10.2016 ൽ സേവനത്തിലിരിക്കെ മരണപ്പെട്ടുപോയതുമായ ശ്രീ.ബി.വിജയന്റെ മകൻ ശ്രീ. മനു വിജയൻ.വി -യ്ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്കായി ജോലി നൽകുന്നതിന് അനുമതി നൽകാമോ?